Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2018/1515(26) തീയതി : 12.04.2018

# സർക്കുലർ

വിഷയം:- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ ഐ.സി.ടി. ഉപകരണങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് മൂന്നാംഘട്ട വിവരശേഖരണം നടത്തുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

വായന:-
1. സ.ഉ.(സാധാ) നം. 3732/16/ പൊ.വി.വ. തീയതി 07.11.2016.
2. ഈ ഓഫീസിലെ 17.10.2016 ലെ ITS/2016/10/1515(18), 19.10.2016 ലെ ITS/2016/1515(22), 16.11.2016 ലെ ITS/2016/11/1515(25), 18.11.2016 ലെ ITS/2016/11/1515(28), 10.07.2017 ലെ ITS/2016/1515(26), 24.07.2017 ലെ ITS/2017/1515(30), 31.07.2017 ലെ ITS/2017/1515(31), 03.01.2018 ലെ KITE/2018/1515 (1) എന്നീ നമ്പർ സർക്കുലറുകൾ
3. G.O.(Rt) No. 1827/2017/G.Edn. Dated 09.06.2017.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലേയ്ക്കുള്ള ഐ.സി.ടി. ആവശ്യകത നിർണയിക്കുന്നതിനുള്ള സർവെയും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിന് വായന 1 പ്രകാരം കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷനെ (കൈറ്റ്) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള തുടർപ്രവർത്തനങ്ങളുടെ ഫലമായി ഹൈടെക്സ്കൂൾ പദ്ധതി നടപ്പിലാക്കുന്ന 4751 സ്കൂളുകളിൽ 2969 സ്കൂളുകളിലെ എല്ലാ ക്ലാസ് മുറികളിലേക്കും (23671 ക്ലാസുകൾക്ക്) ഉപകരണവിതരണം പൂർത്തിയാക്കുകയും 1782 സ്കൂളുകളിലെ 10821 ക്ലാസുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു. അവശേഷിക്കുന്ന ക്ലാസുകളിലേക്ക് ഉപകരണങ്ങളും ഹൈടെക് പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു :

1. 2017 ഡിസംബർ 31 വരെ സജ്ജമായ ക്ലാസുകളിലേക്ക് ഉപകരണ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. മാസ്റ്റർ ട്രെയിനർമാർ സ്കൂൾ സന്ദർശനം നടത്തിയപ്പോൾ സജ്ജമാകാത്ത ക്ലാസുകളിൽ, ഇപ്പോൾ സജ്ജമായ ക്ലാസുകളിലേക്കും ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി ഓരോ സ്കൂളിന്റേയും ക്ലാസുകളുടെ വിശദാംശങ്ങൾ 2018 ഏപ്രിൽ 22 ന മുമ്പ് www.survey.itschool.gov.in ൽ School Survey Phase3 ലിങ്കിൽ സ്കൂളിന്റെ ചുമതലയുള്ള മാസ്റ്റർ ട്രെയിനർ അതത് സ്കൂളുകളുമായി ആശയവിനിമയം നടത്തി വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിന് ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

2. 2018 ഏപ്രിൽ 20 വരെ സജ്ജമായ ക്ലാസുകളുടെ എണ്ണവും 2018 മെയ് 18 ന മുൻപ് സജ്ജമാക്കാൻ കഴിയുന്ന ക്ലാസുകളുടെ എണ്ണവും കൃത്യമായി ഓൺലൈനിൽ 2018 ഏപ്രിൽ 22 ന മുൻപ് ഉൾപ്പെടുത്തേണ്ടതാണ്.

3. ആവശ്യമെങ്കിൽ സന്ദർശന ദിവസവും സമയവും ഉൾപ്പെടെ മുൻകൂട്ടി സ്കൂളുകളെ അറിയിച്ച് മാസ്റ്റർ ട്രെയിനർ സ്കൂൾ സന്ദർശനം നടത്തി വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

4. സജ്ജമായ ക്ലാസുകളെ സംബന്ധിച്ച വിവരങ്ങൾ www.survey.itschool.gov.in ൽ മാസ്റ്റർ ട്രെയിനറുടെ ഉത്തരവാദിത്വത്തിൽ സമയബന്ധിതമായി കൃത്യമായി ഉൾപ്പെടുത്തേണ്ടതാണ്.

5. മാസ്റ്റർ ട്രെയിനർ ഓൺലൈനിൽ ഉൾപ്പെടുത്തുന്ന ഡാറ്റാ സംബന്ധിച്ച കൃത്യത ജില്ലാ കോ-ഓർഡിനേറ്റർ പരിശോധിക്കേണ്ടതാണ്.

6. സ്കൂൾ സന്ദർശനം ആവശ്യമെങ്കിൽ അത് നടത്തുന്നത് സംബന്ധിച്ച വിവരം മുൻകൂട്ടി ജില്ലാ കോ-ഓർഡിനേറ്ററെ അറിയിക്കേണ്ടതും പകർപ്പ് സ്റ്റേറ്റ് ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്. സന്ദർശനം നടത്തുന്നതിന്റെ ചെലവുകൾ ഈ ഓഫീസിലെ 03.01.2018 ലെ KITE/2018/1515(1) നമ്പർ സർക്കുലർ പ്രകാരം അനുവദിക്കുന്നതാണ്.

7. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് നൽകിയിട്ടുള്ള ഉപകരണങ്ങളുടെ വിശദാംശങ്ങൾ kite.kerala.gov.in ൽ നിയമസഭാമണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

**വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
} ആമുഖക്കത്ത് സഹിതം

എല്ലാ ആർഡിഡി/എഡി മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
} ജില്ലാ കോ-ഓർഡിനേറ്റർ മുഖേന